**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2298 — 09.03.2018 ലെ മറുപടിയ്ക്ക്

**സംസ്ഥാനത്തെ വനവിസ്തൃതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽകുമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) രാജ്യത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനം ഉണ്ട് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വനാവരണത്തിന്റെ വർദ്ധനവിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനം ഉണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ വനവിസ്തൃതിയിൽ 2015 മുതൽ എത്ര ചതുരശ്ര കിലോമീറ്റർ വർദ്ധനവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട് ; | (ബി) സംസ്ഥാനത്തെ വനവിസ്തൃതിയിൽ ഈ കാലയളവിൽ വർദ്ധനവുണ്ടായിട്ടില്ല. (സ്രോതസ്സ്: ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്-2016) എന്നാൽ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2017 പ്രകാരം സംസ്ഥാനത്ത് 1,043 ച.കി.മീ വൃക്ഷാവരണത്തിൽ (Forest Cover) വർദ്ധനവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ വനവിസ്തൃതി കൂട്ടുന്നതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ് ; തോട്ടങ്ങളുടെ വർദ്ധന അതിന് കാരണമായിട്ടുണ്ടോ എന്നറിയിക്കാമോ ? | (സി) റിസർവ്വ് വനം റിസർവ്വാക്കാൻ ഉദ്ദേശിച്ച് വിജ്ഞാപനം ചെയ്ത പ്രദേശം, നിക്ഷിപ്തവനം, പരിസ്ഥിതി ദുർബലപ്രദേശം എന്നിവയുടെ ആകെത്തുകയാണ് സംസ്ഥാനത്തെ വനവിസ്തൃതി. വനവിസ്തൃതി കൂട്ടുന്നതിന് ആധാരമാകുന്നത് ഇവയുടെ വിസ്തൃതിയിൽ വരുന്ന വർദ്ധനവാണ്.<br>സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2017 പ്രകാരം, വനത്തിന് പുറത്തുള്ള വാണിജ്യ ആവശ്യങ്ങൾക്കായുള്ള തോട്ടങ്ങളിലുണ്ടായ വർദ്ധനവും, നൂതന സാങ്കേതിക വിദ്യയിലൂടെ റിസോഴ്സ്സാറ്റ്-2 എന്ന പുതിയ ഉപഗ്രഹത്തിൽ നിന്നുള്ള വിവരങ്ങൾ കൂടുതൽ കൃത്യതയോടെ വ്യാഖ്യാനിക്കാൻ കഴിഞ്ഞതുമാണ് വൃക്ഷാവരണത്തിൽ (Forest Cover) വർദ്ധനവുണ്ടായതിന്റെ കാരണങ്ങളായി പരാമർശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ